# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6242 08-07-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### മദ്യവിരുദ്ധ ക്ലബ്ബുകൾ

**ചോദ്യം:**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
" അൻവർ സാദത്ത്:
" വി. പി. സജീന്ദ്രൻ:
" എം. പി. വിൻസെന്റ്:

(എ) സ്കൂളുകളിലും കോളേജുകളിലും മദ്യവിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒട്ടാകെ മദ്യവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മദ്യവിരുദ്ധ ക്ലബ്ബുകളിൽ ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക നായകന്മാർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും മറ്റും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉത്പാദന വിതരണക്കാരെ നിയമത്തിന് മുന്നിലെത്തിക്കാൻ മദ്യവിരുദ്ധ ക്ലബ്ബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) -യും, (ബി)-യും

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ സ്കൂൾ തലത്തിൽ 1011-ഉം, കോളേജ് തലത്തിൽ 77-ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പ്രവർത്തനഫണ്ടും ഹോണറേറിയവും നൽകുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം 500/- രൂപ വീതം 1011 സ്കൂൾതല ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കൂൾ-കോളേജ് പരിസരങ്ങളിൽ മദ്യ-മയക്കുമരുന്നുകളുടെ ഉപയോഗവും വിപണനവും കണ്ടെത്തി അറിയിക്കുന്ന മുറയ്ക്ക് ഇതിനെതിരായി എല്ലാവിധ നിയമ നടപടികളും എക്സൈസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ആഫീസർ